# ആത്മ-ജഡികൻ

## റോമർ 8:6

“ജഡത്തിന്റെ ചിന്ത മരണം; ആത്മാവിന്റെ ചിന്തയോ ജീവനും സമാധാനവും തന്നേ.”

ലോകത്തിലേക്ക് കണ്ണോടിച്ചാൽ നമുക്ക് രണ്ട് തരത്തിലുള്ള മനുഷ്യ സ്വഭാവങ്ങളാണ് മുഖ്യമായും കാണുവാൻ കഴിയുന്നത്. അത് ജഡികമനുഷ്യരും ആത്മീക മനുഷ്യരുമാണ്. എന്നാൽ ഈ കാലഘട്ടത്തിൽ അതിനു പുറമേ കണ്ടു വരുന്ന ഒരു കൂട്ടരുണ്ട്, അവർ ആത്മീകരെന്നു പറയുമെങ്കിലും അതു അവരുടെ ജീവിതത്തിന്റെ പുറമെ മാത്രം കാണിക്കുന്നവരായി തീർന്നിരിക്കുന്നു, ഉള്ളിൽ വെറും ജഡികത മാത്രമായിരിക്കും ഇക്കൂട്ടർക്ക്, ഇവരെ നമുക്ക് ആത്മ-ജഡികർ എന്നു വിളിക്കാം. എന്നാൽ വചനം വളരെ വ്യക്തമായി പറയുന്നു, ‘ജഡസ്വഭാവമുള്ളവർ ജഡത്തിന്നുള്ളതും ആത്മസ്വഭാവമുള്ളവർ ആത്മാവിന്നുള്ളതും ചിന്തിക്കുന്നു.’ പക്ഷെ ഇക്കൂട്ടരുടെ ചിന്ത മുഴുവൻ ജഡികവും എന്നാൽ പുറമെ അവർ ആത്മീർ എന്നും കാണിക്കുന്നു. ദൈവത്തിന്റെ വചനം വെളിപ്പാടു പുസ്തകത്തിൽ ഇപ്രകാരം പറയുന്നുണ്ട്, ‘നീ ഉഷ്ണവാനുമല്ല; ശീതവാനുമല്ല; ശീതവാനോ ഉഷ്ണവാനോ ആയിരുന്നു എങ്കിൽ കൊള്ളായിരുന്നു.’

പ്രിയരേ, കർത്താവു പോലും സഭകൾക്ക് ദൂതു കൊടുക്കുമ്പോൾ അവിടെ വ്യക്തമായി പറയുന്ന ഒരു കാര്യം നിങ്ങൾ ഏതെങ്കിലും ഒരു സ്വഭാവത്തിന് ഉടമകളായി മാറുവാനാണ്. ഒന്നുകിൽ ആത്മികൻ അല്ലെങ്കിൽ ജഡികൻ, മറിച്ച് നിങ്ങൾ ആത്മ-ജഡികന്മാർ ആകരുത് എന്ന് ദൈവവചനം നമ്മെ പ്രബോധിപ്പിക്കുന്നു. അപ്രകാരം ആയിക്കഴിഞ്ഞാൽ ‘തന്റെ വായിൽ നിന്ന് ഉമിണ്ണുകളയും’ എന്ന് കർത്താവിന്റെ വചനം അതിശക്തമായി നമ്മോട് ഇന്നു സംസാരിക്കുന്നു. ഇപ്രകാരമാണെങ്കിലും ദൈവം നമ്മിൽ നിന്ന് ഒന്നു മാത്രമേ ആഗ്രഹിക്കുന്നുള്ളൂ, നാം എല്ലാവരും രക്ഷിക്കപ്പെട്ട് (അതായത്, യേശുവിനെ കർത്താവ് എന്ന് ഏറ്റ്പറഞ്ഞ്, ദൈവം അവനെ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേൽപ്പിച്ചു എന്നു ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്യുക) ദൈവത്തിന്റെ ആത്മാവ് നിത്യം വസിക്കുന്ന മന്ദിരമായി മാറി ഒരു ആത്മ മനുഷ്യനായി തീരണം എന്നതു തന്നെ. കാരണം ജഡത്തിന്റെ ചിന്ത ദൈവത്തോട് ശത്രുത്വം ആകുന്നു എന്നും ജഡസ്വഭാവമുള്ളവർക്കു ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിവില്ല എന്നും ദൈവവചനത്തിൽ പറയുന്നു.

പ്രിയ ദൈവപൈതലേ, ഇന്നു നാം നമ്മുടെ ജീവിതത്തെ ഒന്നു ശോധന ചെയ്തു നോക്കുക. വാസ്തവത്തിൽ നാം ആത്മികന്മാരുടെ ഗണത്തിൽ ആയിട്ടുണ്ടോ, അതോ ഇന്നും ജഡത്തിന്റെ ഇച്ഛകൾക്കനുസരിച്ച് ജീവിക്കുന്ന ഒരു ജഡികനോ, ആത്മ-ജഡികനോ ആയിട്ടാണോ

നമ്മൾ ജീവിക്കുന്നത്. വചനത്തിൽ പറയുന്നതു പോലെ ആത്മികനെങ്കിൽ നമ്മളുടെ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിപ്പാൻ നമ്മുടെ കർത്താവ് തന്റെ ആത്മാവിനാൽ നമ്മെ ശക്തീകരിക്കും, അതിനാൽ നാം നിത്യം കർത്താവിനോടൊപ്പം വാഴുകയും ചെയ്യും. എന്നാൽ ജഡികനോ ആത്മ-ജഡികനോ ആണെങ്കിൽ നമ്മുടെ ആത്മമരണം സുനിശ്ചയമാണ്. ആയതിനാൽ ദൈവസന്നിധിയിൽ ജാഗ്രതയുള്ളവനായിരിക്കുക; മാനസാന്തരപ്പെടുക. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം:**

റോമർ 8:2

ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്കു പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്നു ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു.

**ബ്രദർ. ബിനു ബേബി ആലപ്പുഴ 178**